**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6447** **10-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ ഭവന നിർമ്മാണത്തിനായി നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ; വിവിധ പദ്ധതികൾ പ്രകാരം മുൻപ് തുക അനുവദിക്കപ്പെട്ടതും എന്നാൽ വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതിരുന്നവർക്കും പുതിയ പദ്ധതികൾ പ്രകാരമുള്ള തുക ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ഭവന നിർമ്മാണം നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. 4 ലക്ഷം രൂപയാണ് ഭവനനിർമ്മാണ ധനസഹായമായി അനുവദിക്കുന്നത്. കൂടാതെ, ലൈഫ് മിഷൻ പദ്ധതി പ്രകാരം സങ്കേതങ്ങളുടെ ഉള്ളിലും, സങ്കേതങ്ങളോട് ചേർന്നുവരുന്ന പ്രദേശത്തും, അതീവ ദുർഘട പ്രദേശത്തും വീട് വയ്ക്കുന്ന പട്ടികവർഗക്കാർക്കുള്ള ഭവനനിർമ്മാണ ധനസഹായം 6 ലക്ഷം രൂപയായി ഏകീകരിച്ചിട്ടുണ്ട്.<br><br>മുൻകാലങ്ങളിൽ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചവയിൽ പൂർത്തീകരിക്കാതെ അവശേഷിച്ച പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ ലൈഫ് മിഷന്റെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മുൻപ് ഏതെങ്കിലും പദ്ധതിയിൽ അനുവദിച്ച തുകയുടെ പ്രിൻസിപ്പൽ തുക മാത്രം തിരിച്ചുപിടിക്കുകയോ പഴയ ബാദ്ധ്യതകൾ എഴുതിതള്ളുകയോ ചെയ്തശേഷം ബാക്കി തുക പുതിയ പദ്ധതി പ്രകാരം നൽകുന്നതിന് നടപടി സ്വീകരിച്ചാൽ അനേകം പേർക്ക് മുടങ്ങികിടക്കുന്ന വീട് പണി പൂർത്തികരിക്കാൻ കഴിയും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപ്രകാരം നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | (ബി) | മുൻകാലങ്ങളിൽ ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചവയിൽ പൂർത്തീകരിക്കാതെ അവശേഷിച്ച പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ ലൈഫ് മിഷന്റെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനപൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് SAFE (Secure Accommodation and Facility Enhancement) പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാരുടെ ഭവനപൂർത്തീകരണത്തിനായി 2 ലക്ഷം രൂപയും, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന പൂർത്തീകരണത്തിനായി 2.5 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ